# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 5068 06/02/2014-ൽ മറുപടിയ്ക്ക്**

## രാമന്തളി - പാണ്ട്യാലക്കടവ് നടപ്പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) രാമന്തളി - പാണ്ട്യാലക്കടവ് നടപ്പാലം നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ഈ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എ) കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയ പറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF XVI ൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലത്തെ ജനപ്രതിനിധികൾ നടപ്പാലത്തിനു പകരം ഒരു സിംഗിൾ ലെയിൻ പാലമാണ് ആവശ്യമെന്ന് അറിയിക്കുകയുമുണ്ടായി. അതനുസരിച്ച് സിംഗിൾ ലെയിൻ പാലത്തിനുള്ള 1210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിച്ചു. എന്നാൽ RIDF XVIII ൽ ഉൾപ്പെടുത്തി ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ 18.50 കോടി രൂപയുടെ എസ്റ്റിമേറ്റ് RIDF XIX- ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ